# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.572** **29.01.2019-ൽ മറുപടിക്ക്**

അതിരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ വൈദ്യുതി വിതരണ പ്രശ്നങ്ങൾ

| | ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചാലക്കുടി നിയോജക മണ്ഡലത്തിൽപ്പെട്ട ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി കോളനികൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ വൈദ്യുതി വിതരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അനുവദിച്ച ജീപ്പ് (വാടക), രണ്ട് ആദിവാസി താൽക്കാലിക ജീവനക്കാരുടെ സേവനം എന്നിവ തുടർന്നും അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) & (ബി) | ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും അവരുടെ പരാതികൾ പരിഹരിക്കുന്നതിനുമായി വിവിധങ്ങളായ പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കി വരുന്നുണ്ട്. അതിലേയ്ക്കായി എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലും 24 മണിക്കൂറും ലഭ്യമാകുന്ന വിധത്തിൽ ഒരു വാഹനം അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ ഇലക്ട്രിക്കൽ സർക്കിളുകളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്ക് അത്യാവശ്യ ഘട്ടത്തിൽ വാഹനങ്ങൾ വാടകയ്ക്കെടുക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>മഴക്കാലത്ത് ഉണ്ടാകാൻ സാദ്ധ്യതയുള്ള കൂടുതൽ വൈദ്യുതി തടസ്സങ്ങൾ കണക്കിലെടുത്തും എത്തിച്ചേരാൻ ബുദ്ധിമുട്ടായ പ്രദേശമായത് കൊണ്ടും ജൂൺ മുതലുള്ള നാല് മാസക്കാലത്തേക്ക് ഒരു അധിക വാഹനം പരിയാരം സെക്ഷനിലേയ്ക്ക് അനുവദിച്ചിരുന്നു. അതിരപ്പള്ളി പ്രദേശത്ത് ഇപ്പോൾ നേരിടുന്ന വൈദ്യുതി സംബന്ധിച്ചുള്ള പരാതികൾക്ക് അവിടത്തെ ജീവനക്കാരെ കൊണ്ടും ലഭ്യമായ വാഹനം ഉപയോഗിച്ചും പരിഹരിക്കാൻ സാധിക്കുന്നത് കൊണ്ട് ഒരു അധിക വാഹനം അനുവദിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. |
| (ബി) | ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ അടിയന്തരമായി പരിഗണിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | | |

Hemalatha

സെക്ഷൻ ഓഫീസർ